**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 495** **09-07-2024 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ കെ വിജയൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ശാസ്ത്ര സാങ്കേതിക രംഗത്തും വിപണന രംഗത്തും ഉണ്ടായികൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളും ഉൾക്കൊണ്ടുകൊണ്ട് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്.<br><br>ശാസ്ത്ര സാങ്കേതിക മേഖലകളിലും വിപണന രംഗത്തും ഉൾപ്പെടെ വ്യവസായ സംബന്ധിയായ സമസ്ത മേഖലകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളും ഉൾക്കൊണ്ട് ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ പദ്ധതികൾ ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയ മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിലുള്ള നവീകരണ വിപുലീകരണ പദ്ധതികൾ സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കി വരുന്നു.<br><br>ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ പദ്ധതികളും നിലവിലെ ഉല്പന്നങ്ങളുടെ ഭാവി വിപണന സാധ്യതകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ കമ്പോളവും വിലയിരുത്തി വിപുലീകരണ പദ്ധതികളും ആഗോള വിപണന സാധ്യതകൾ ഉള്ള നൂതന ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള വൈവിധ്യവത്കരണ പദ്ധതികളുമാണ് ഇപ്രകാരം ആവിഷ്കരിച്ചിരിക്കുന്നത്.<br><br>ഓരോ സ്ഥാപനത്തിന്റെയും സ്വാശ്രയത്തിലൂന്നിയുള്ള നിലനിൽപ്പിനും അതോടൊപ്പം പുതിയ വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിന് ആവശ്യമായ മൂലധന സ്വരൂപണത്തിനും കഴിയുന്ന തരത്തിൽ അവയെ സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടു കൂടിയാണ് മാസ്റ്റർ പ്ലാൻ പദ്ധതികൾ തയ്യാറാക്കിയത്. ഹ്രസ്വ, ഇടത്തരം, ദീർഘകാലം എന്നീ മൂന്ന് ഘട്ടങ്ങളിലായി അടുത്ത പത്തു വർഷത്തിനുള്ളിൽ നടപ്പിലാക്കുന്ന തരത്തിലാണ് മാസ്റ്റർപ്ലാനിൽ പദ്ധതികൾ ആവിഷ്ക്കരിച്ചത്. |

| | | | |
|---|---|---|---|
| | | | അതിനോടൊപ്പം അന്താരാഷ്ട്രതല വിപണന സാധ്യതകൾ പരിശോധിച്ച് നൂതന ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള വൈവിധ്യവത്കരണ പദ്ധതികളും കമ്പനികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br><br>ഓരോ പദ്ധതിയുടെയും വിശദമായ പദ്ധതി റിപ്പോർട്ട് വിലയിരുത്തിയതിനു ശേഷം സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള വികസന പദ്ധതികൾ സർക്കാർ ധനസഹായത്തോടെയും അല്ലാതെയും നടപ്പിലാക്കിവരുന്നു. നടപ്പ് സാമ്പത്തിക വർഷം (2024-25) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 279.10 കോടി രൂപ വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.<br><br>സർക്കാരിന്റെ പദ്ധതി വിഹിതത്തിനു പുറമെ ബാങ്കുകൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും മൂലധനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി, വിഭാവനം ചെയ്ത പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.<br><br>പരമ്പരാഗത മേഖലയുടെ വികസനത്തിന്റെ ഭാഗമായി ഉത്പന്നങ്ങളുടെ വിപണനത്തിനായി ONDC(ഓപ്പൺ നെറ്റ്‌വർക്ക് ഫോർ ഡിജിറ്റൽ കോമേഴ്സ്) യുടെ സഹകരണത്തോടെ ഇ-കൊമേഴ്സ് പോർട്ടൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം തന്നെ വ്യവസായ വകുപ്പിന്റെ അധീനതയിൽ കെൽട്രോണിന്റെ മേൽനോട്ടത്തിൽ പുതിയ ഓൺലൈൻ പോർട്ടൽ പ്രവർത്തിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. |
| (ബി) | ഇന്ത്യയുടെ മൊത്തത്തിലുള്ള വികസനത്തിനും വ്യവസായവത്കരണത്തിനും സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ കേരളത്തിന്റെ വ്യാവസായിക രംഗത്തിന് നൽകിവരുന്ന സംഭാവനകളുടെ ചുരുക്കം ചുവടെ ചേർക്കുന്നു,<br><br>• ·കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ, കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ ഉടമസ്ഥതയിലാണെങ്കിലും, സംസ്ഥാനത്തിനകത്ത് വ്യാവസായിക വളർച്ചയ്ക്കും കണക്റ്റിവിറ്റിക്കും സൗകര്യമൊരുക്കുന്ന നിർണായക അടിസ്ഥാന സൗകര്യ പദ്ധതികൾ ഈ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി വരുന്നു. |

- കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങൾ സംസ്ഥാനത്തെ പ്രധാന തൊഴിൽദാതാക്കളാണ്. പതിനായിരത്തോളം തൊഴിലവസരം നേരിട്ടും അതിൽ കൂടുതൽ തൊഴിലവസരങ്ങൾ പരോക്ഷമായും ഈ സ്ഥാപനങ്ങൾ മുഖേന നൽകിവരുന്നുണ്ട്. ഇത് തൊഴിലില്ലായ്മ കുറയ്ക്കാൻ മാത്രമല്ല, സ്ഥിരമായ വരുമാന സ്രോതസ്സുകൾ നൽകിക്കൊണ്ട് ജീവിത നിലവാരം മെച്ചപ്പെടുത്തി സാമൂഹിക വികസനത്തിലും പ്രധാന പങ്ക് വഹിച്ചുവരുന്നു.
- കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ഉൽപ്പാദനം, വിവര സാങ്കേതിക വിദ്യ, കൃഷി, വിനോദസഞ്ചാരം തുടങ്ങിയ പ്രധാന മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സാങ്കേതിക സഹായം തുടങ്ങിയ സംരംഭങ്ങളിലൂടെ അവർ പ്രാദേശിക ചെറുകിട വ്യവസായങ്ങൾക്ക് പിന്തുണ നൽകുന്നു, ഇപ്രകാരം വ്യാവസായിക വൈവിധ്യവൽക്കരണം പ്രോത്സാഹിപ്പിക്കുന്നു.
- പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന വിവിധ ഗവേഷണ വികസന പ്രവർത്തനങ്ങൾ സംസ്ഥാനത്തെയും കൂടാതെ രാജ്യത്തെയും സാങ്കേതിക മുന്നേറ്റങ്ങളും നവീകരണവും പ്രോത്സാഹിപ്പിക്കുന്നു. വ്യാവസായിക പ്രക്രിയകൾ നവീകരിക്കുന്നതിനും ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനും മത്സരശേഷി വളർത്തുന്നതിനും ഇത് സഹായിക്കുന്നു.
- കോർപറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റിയുടെ ഭാഗമായി സാമൂഹിക ക്ഷേമ പരിപാടികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യ സംരക്ഷണ സൗകര്യങ്ങൾ, കമ്മ്യൂണിറ്റി വികസന സംരംഭങ്ങൾ എന്നിവയ്ക്ക് ധനസഹായം നൽകിക്കൊണ്ട് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ സാമൂഹിക വികസനത്തിൽ കാര്യമായ പങ്ക് വഹിക്കുന്നു.
- പൊതുമേഖലാ സ്ഥാപനങ്ങൾ സുസ്ഥിര വികസന സമ്പ്രദായങ്ങൾ, പുനരുപയോഗ ഊർജ്ജ പദ്ധതികൾ പ്രോത്സാഹിപ്പിക്കൽ, പരിസ്ഥിതി സൗഹൃദ ഉൽപ്പാദന പ്രക്രിയകൾ എന്നിവയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കേരളത്തിലെ വ്യാവസായിക വളർച്ച

| | | | |
|---|---|---|---|
| | | | പരിസ്ഥിതി സംരക്ഷണവുമായി സന്തുലിതമാണെന്ന് ഇത് ഉറപ്പാക്കുന്നു.<br>• നികുതി, ലാഭവിഹിതം, റോയൽറ്റി എന്നിവയിലൂടെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വരുമാനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഗണ്യമായ സംഭാവന നൽകുന്നു. പൊതു സേവനങ്ങൾ, അടിസ്ഥാന സൗകര്യ പദ്ധതികൾ, ക്ഷേമ പരിപാടികൾ എന്നിവയ്ക്ക് ധനസഹായം നൽകുന്നതിന് ഈ വരുമാനം നിർണായകമാണ്.<br>• കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ വ്യവസായവൽക്കരണവും സാമ്പത്തിക വളർച്ചയും പ്രോത്സാഹിപ്പിക്കുന്നതിൽ നിർണായക പങ്ക് വഹിക്കുന്നതോടൊപ്പം സാമൂഹിക-സാമ്പത്തിക വെല്ലുവിളികളെ അഭിമുഖീകരിക്കുകയും സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും സുസ്ഥിര വികസന ലക്ഷ്യങ്ങൾക്ക് സംഭാവന നൽകുകയും ചെയ്യുന്നു. |
| (സി) | കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ഇന്ത്യയിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ കേന്ദ്രം നടത്തിയ മൊത്തം നിക്ഷേപത്തിൽ നിന്ന് കേരളത്തിന് ലഭിച്ച വിഹിതം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ കേന്ദ്രസർക്കാർ നടത്തുന്ന നിക്ഷേപം സംബന്ധിച്ച വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (ഡി) | കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉപയോഗത്തിന് ശേഷമുള്ള അധിക ഭൂമിയിൽ ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്.<br><br>സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ അധിക ഭൂമി വ്യവസായിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് വരുന്നു. ഇതിന്റെ ആദ്യ ഘട്ടമായി 9 പൊതുമേഖലാ സ്ഥാപനങ്ങളിലെ 40.41 ഏക്കർ സ്ഥലം കണ്ടെത്തി പ്രാഥമിക നടപടികൾ സ്വീകരിച്ചു വരുന്നു. ഈ പദ്ധതിയുടെ ഭാഗമായി യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള 96 സെൻറ് സ്ഥലത്ത് ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.<br><br>ഇതിനോടൊപ്പം അധിക ഭൂമി ഉപയോഗിച്ച് പൊതുമേഖലാ സ്ഥാപനങ്ങളുടെ വരുമാനം വർധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേന്ദ്ര പെട്രോളിയം കമ്പനികളുമായി ചേർന്ന് ഫ്യൂവൽ പമ്പുകൾ സ്ഥാപിക്കുന്നതിനും സോളാർ പവർ പ്ലാന്റുകൾ |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത നടപടികളുടെ ഭാഗമായി 4 പെട്രോൾ പമ്പുകൾ ഇതിനോടകം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. അധിക ഭൂമിയിൽ സെൻട്രൽ വെയർ ഹൗസിംഗ് കോർപറേഷന് ഗോഡൗൺ സ്ഥാപിക്കുന്നതിനുള്ള സാധ്യതകളും പരിശോധിച്ച് വരികയാണ്. ഇത്തരത്തിൽ അധിക ഭൂമി ഉപയോഗിച്ച് പൊതുമേഖലാ സ്ഥാപനങ്ങളുടെ വരുമാനം വർധിപ്പിച്ച് പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ